പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1505 06.03.2018-ലെ മറുപടിക്ക്

# <u>സ്കാനിയ ബസുകൾ</u>

<table>
<tr><td><u>ചോദ്യം</u><br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</td><td><u>ഉത്തരം</u><br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി)</td></tr>
</table>

<table>
<tr><td>(എ)</td><td>കെ.എസ്.ആർ.ടി.സി പുതിയതായി എത്ര സ്കാനിയ ബസുകൾക്കാണ് കമ്പനിയുമായി കരാർ ഏർപ്പെട്ടത്; ഏതെല്ലാം റൂട്ടുകളിലാണ് കരാർ ഏർപ്പെടുത്തിയത്; എന്തെങ്കിലും പഠനം നടത്തിയിട്ടാണോ ഈ റൂട്ടുകൾ ആരംഭിച്ചത്;</td><td>(എ)</td><td>കെ.എസ്.ആർ.ടി.സി പുതിയതായി 10 സ്കാനിയ ബസുകൾക്കായി വെറ്റ് ലീസ് (wet lease) വ്യവസ്ഥയിൽ M/s. SCANIA Commercial Vehicles India Pvt. Ltd., M/s. MAHAVOYAGE LLP എന്നിവരുമായുള്ള ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട്. നിലവിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തിയിരുന്ന റൂട്ടുകളിലാണ് wet lease വ്യവസ്ഥയിലെടുത്ത വാഹനങ്ങൾ സർവ്വീസ് നടത്തി വരുന്നത്. ഇതുസംബന്ധിച്ച് പഠനം ഒന്നും നടത്തിയിട്ടില്ല.</td></tr>
<tr><td>(ബി)</td><td>സ്കാനിയ കമ്പനിയുമായുള്ള കരാർ സംബന്ധിച്ച വിവരം വ്യക്തമാക്കുമോ ; ലാഭവിഹിതം സംബന്ധിച്ച വിവരം വ്യക്തമാക്കുമോ ;</td><td>(ബി)</td><td>പ്രതി കിലോമീറ്ററിന് ചുവടെ ചേർത്തിട്ടുള്ള നിരക്കിലാണ് ഡ്രൈവർ സഹിതം വാഹനം ലഭ്യമാക്കുന്നത്. ഈ വാഹനങ്ങൾക്ക് ഡീസൽ, ഡീസൽ ആഡിറ്റീവ് നൽകുന്നതും കണ്ടക്ടറെ നിയോഗിക്കുന്നതും കെ.എസ്.ആർ.ടി.സി ആണ്.
<table>
<tr><th>Vehicle Utilization / Schedule KM</th><th>Hiring rates per KM (Excluding taxes)</th></tr>
<tr><td>800 & above</td><td>Rs. 23.00</td></tr>
<tr><td>750-799`</td><td>Rs. 24.00</td></tr>
<tr><td>700-749</td><td>Rs. 25.50</td></tr>
<tr><td>650-699</td><td>Rs. 26.40</td></tr>
<tr><td>600-649</td><td>Rs. 27.72</td></tr>
</table></td></tr>
</table>

| | | | |
|---|---|---|---|
| | | | ലാഭവിഹിതം സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ഇല്ല. |
| (സി) | ലാഭവിഹിതം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടാണോ ഇത്തരത്തിൽ സ്കാനിയ കമ്പനിയുമായി കരാറിൽ ഏർപ്പെട്ടത്; | (സി) | അസോസിയേഷൻ ഓഫ് സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗ് (എ.എസ്.ആർ.ടി.യു)-വിന്റെ നിലവിലുള്ള നിരക്ക കരാറിലുള്ളതിനേക്കാൾ കുറഞ്ഞ നിരക്കായതിനാലാണ് ബോർഡ് തീരുമാനപ്രകാരം സ്കാനിയ കമ്പനിയുമായി കരാറിൽ ഏർപ്പെട്ടത്. മറ്റ് പഠനങ്ങൾ നടത്തിയിട്ടില്ല. |
| (ഡി) | പ്രസ്തുത ബസിലെ കണ്ടക്ടർ, ഡ്രൈവർ എന്നിവരുടെ ശമ്പളം നൽകുന്നത് ആരാണ്; മെയിന്റനൻസിന്റെ ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത ബസിലെ കണ്ടക്ടറുടെ ശമ്പളം നൽകുന്നത് കെ.എസ്.ആർ.ടി.സിയും, ഡ്രൈവറുടെ ശമ്പളം നൽകുന്നത് കമ്പനിയുമാണ്. കരാർ പ്രകാരം മെയിന്റനൻസിന്റെ ചുമതല കമ്പനിയിൽ നിക്ഷിപ്തമാണ്. |

**സെക്ഷൻ ഓഫീസർ**